പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1843 | 05.12.2014 ൽ മറുപടിയ്ക്ക് |
| ഒറ്റപ്പാലം മണ്ഡലത്തിലെ അംഗൻവാടികൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ.എം.ഹംസ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.<br>1. സ്റ്റേറ്റ് പ്ലാൻ ഫണ്ട്<br>സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എല്ലാ വർഷവും അങ്കണവാടി നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചുവരുന്നു.<br>2. നബാർഡ്- ആർഐഡിഎഫ് പദ്ധതി<br>നബാർഡ് ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം ഒരു അങ്കണവാടിക്ക് 8.10 ലക്ഷം രൂപ ചെലവിൽ 376 അങ്കണവാടികൾ നിർമ്മിക്കുന്നതിന് NABARD - RIDF പദ്ധതി പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്.<br>3. മാതൃകാ അങ്കണവാടി പദ്ധതി<br>ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ 140 നിയോജക മണ്ഡലങ്ങളിലും സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എ യുടെ ഫണ്ടും ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലുള്ള ഒരു അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) ഇതിലേക്കായി നബാർഡിൽ നിന്നും എത്ര തുക ധനസഹായം ലഭിച്ചു; | (ബി) ഒരു അങ്കണവാടിക്ക് 8.10 ലക്ഷം രൂപ ചെലവിൽ 376 അങ്കണവാടികൾ നിർമ്മിക്കുന്നതിന് NABARD - RIDF പദ്ധതി പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 6.88 ലക്ഷം രൂപ NABARD വിഹിതവും 1.22 ലക്ഷം രൂപ പഞ്ചായത്ത് വിഹിതവുമാണ്. നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നു. |

| | |
|---|---|
| ( )നബാർഡിൽ നിന്നുള്ള ധനസഹായത്താൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു.; വിശദാംശം നൽകാമോ; | (സി) നബാർഡ് ധനസഹായത്താൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കരിമ്പുഴ പഞ്ചായത്തിൽ 138-ാം നമ്പർ അങ്കണവാടിയുടെ കെട്ടിട നിർമ്മാണം നടന്നു വരുന്നു. |
| (ഡി) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗനവാടികൾ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിലവിലുണ്ട്; വിശദമായ സ്റ്റേറ്റ്മെൻറ് നൽകാമോ? | (ഡി) സ്വന്തമായി കെട്ടിടമില്ലാത്ത 28 അങ്കണവാടികൾ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ

| ക്രമ നം | പഞ്ചായത്തിന്റെ പേര് | അങ്കണവാടി സെന്റർ നമ്പർ |
|---|---|---|
| 1 | കടമ്പഴിപ്പുറം | 20 |
| | | 34 |
| 2. | പൂക്കോട്ടുകാവ് | 39 |
| | | 43 |
| | | 44 |
| 3 | ശ്രീകൃഷ്ണപുരം | 38 |
| | | 57 |
| | | 61 |
| 4 | കരിമ്പുഴ | 133 |
| | | 117 |
| | | 122 |
| | | 147 |
| 5 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 106 |
| | | 108 |
| | | 110 |
| | | 112 |
| | | 70 |
| | | 82 |
| | | 99 |
| 6 | അമ്പലപ്പാറ | 39 |
| 7. | ലക്കിടി പേരൂർ | 23 |
| | | 24 |
| | | 25 |
| | | 27 |
| | | 28 |
| | | 30 |
| | | 31 |
| | | 32 |

ലെയ്സൺ ഓഫീസർ